# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5762** **02.07.2019 ലെ മറുപടി**

## കടൽഭിത്തികളും പുലിമുട്ടുകളും നിർമ്മിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി. : | | കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കാലാവസ്ഥാ വ്യതിയാനം മൂലം തീരദേശമേഖലകളിൽ കടൽക്ഷോഭം രൂക്ഷമായിരിക്കുന്ന സാഹചര്യത്തിൽ കടൽഭിത്തികളും പുലിമുട്ടുകളും നിർമ്മിക്കുന്നതിനും അതുവഴി തീരദേശവാസികളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും നടപടി സ്വീകരിക്കുമോ; | (എ) | നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | കടലാക്രമണ ഭീഷണികളെ പ്രതിരോധിക്കാൻ സ്ഥിരമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (ബി) | കടലാക്രമണത്തെ ചെറുക്കുന്നതിനുള്ള സ്ഥിരം സംവിധാനങ്ങൾ എന്ന നിലയിൽ, നിലവിലുള്ള കടൽഭിത്തികളുടെ പുനരുദ്ധാരണം, പുതിയ കടൽഭിത്തി നിർമ്മാണം, പുലിമുട്ടുകളുടെ നിർമ്മാണം, പരീക്ഷണാടിസ്ഥാനത്തിൽ ജിയോ ട്യൂബ് ഉപയോഗിച്ചുള്ള പ്രവൃത്തികൾ എന്നിവ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. |
| (സി) | കടൽഭിത്തികളും പുലിമുട്ടുകളും നിർമ്മിക്കുന്നതിൽ നേരിടുന്ന പ്രതിബന്ധങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (സി) | കരിങ്കല്ലുകളുടെ ക്ഷാമം, അനിയന്ത്രിതമായ വിലക്കയറ്റം, DSR-ലെ വിലക്കുറവ് എന്നിവ കല്ലുപയോഗിച്ചുള്ള കടൽഭിത്തി നിർമ്മാണത്തിലെ പ്രതിബന്ധങ്ങളാണ്. ജിയോട്യൂബ് ഉപയോഗിച്ചുള്ള പ്രവൃത്തിചെയ്യുന്ന വിദഗ്ദ്ധ ഏജൻസികളുടെ കുറവും ടി നിർമ്മാണത്തിലെ പ്രതിബന്ധമാണ്. |

സെക്ഷൻ ഓഫീസർ